Talented Bankers Literary Panel
പുസ്തക പരിചയം 135
പുസ്തകം പരിചയപ്പെടുത്തുന്നത്,
ആദർശ് ജി,
കേരള ഗ്രാമീൺ ബാങ്ക്,
റോഡുവിള ശാഖ.
ആ മരത്തെയും മറന്നു മറന്നു ഞാൻ
കെ ആർ മീര
മീരയുടെ വായിച്ച നോവലുകൾ ഒന്നും തന്നെ മനസ്സിൽ പതിയാതെ പോയിട്ടില്ല. കാഴ്ചയിൽ ഒരു ചെറുനോവലായി തോന്നുന്ന ഒന്നാണ് മീരയുടെ "ആ മരത്തെയും മറന്നു മറന്നു ഞാൻ "എന്ന നോവൽ. പക്ഷേ ആ നോവലിന്റെ ഉള്ളടക്കം വിശാലമായ ചിന്തയ്ക്ക് വഴിവെക്കുന്ന ഒന്നാണ്. വർത്തമാനകാലഘട്ടത്തിൽ സ്ത്രീസമൂഹം നേരിടേണ്ടിവരുന്ന ദുരന്തങ്ങളിലേക്ക് ഒരു ചൂണ്ടുപലകയാണ് നോവൽ. വളരെ കുറച്ചു കഥാപാത്രങ്ങൾ മാത്രമുള്ള ഒരു നോവലാണ് "ആ മരത്തെയും മറന്നു മറന്നു ഞാൻ". രാധിക എന്ന കഥാനായിക. അവളുടെ ജീവിതത്തിലെ ഒരു കറുത്ത ദിനം വിവരിച്ചുകൊണ്ട് വായനക്കാരുടെ മനസ്സിനെ മുറിവേൽപ്പിച്ചു കൊണ്ട് തന്നെയാണ് ഈ നോവലിന്റെ ആദ്യ പാദം തുടങ്ങുന്നത്
''അച്ഛൻ ഒരിക്കൽ രാധികയെ വഴിയിൽ മറന്നു'', എന്ന തീവ്രമായ വരിയിലൂടെ നോവൽ ആരംഭിക്കുന്നു. മകളെ വഴിയിൽ നിർത്തി മദ്യപിക്കാൻ പോകുന്ന അച്ഛൻ ഒടുവിൽ മദ്യലഹരിയിൽ ഒരു വേശ്യയെ തേടി പോകുന്നു. വഴിയിൽ അച്ഛനെ കാത്ത് ഒറ്റയ്ക്ക് നിന്ന ആ പത്ത് വയസ്സുകാരിയെ അച്ഛനെ കാട്ടി തരാമെന്ന് പറഞ്ഞ് കൂട്ടിക്കൊണ്ടു പോയ വൃദ്ധൻ ബലാത്സംഗം ചെയ്തു. ഒരു പെൺകുട്ടിക്ക് താങ്ങാവുന്നതിനും അപ്പുറം ദുരന്തം സമ്മാനിച്ച ആ ദിനം ഒരു പേടിസ്വപ്നമായി അവളെ പിന്തുടരുന്നു.
ഈ ദുരന്തങ്ങൾക്കിടയിലും രാധിക പഠിച്ചു വക്കീലായി മാറുന്നു. കോളേജ് ജീവിതത്തിനിടയിൽ ക്രിസ്റ്റി ഐസക് എന്ന കാമുകൻ അവൾക്ക് ഉണ്ടാകുന്നു. പക്ഷേ അയാൾ അവളുടെ ശരീരത്തെയും മനസ്സിനെയും ഒരുപോലെ കീറിമുറിച്ച് അവളെ ഉപേക്ഷിച്ചു പോകുന്നു. വർഷങ്ങൾക്ക് ശേഷം അവൾ ഒരാളുടെ ഭാര്യയായി മാറുന്നു. പങ്കാളിയെന്ന് പരിഗണന ഇല്ലാതെ അടിച്ചമർത്തി ഉള്ള കരുതൽ മാത്രമാണ് അവൾക്ക് ഭർത്താവിൽനിന്നും ലഭിക്കുന്നത്. ഓരോ ദുരന്തങ്ങളും ചില്ലകൾ ഓരോന്നായി വെട്ടി കളഞ്ഞു അവസാനം തായ്ത്തടി മാത്രമായി നിൽക്കുന്ന ഒരു മരത്തെ പോലെയാക്കുന്നു അവളെ .
ആകസ്മികമായി പതിനാറ് വർഷങ്ങൾക്ക് ശേഷം ക്രിസ്റ്റി അവളുടെ ജീവിതത്തിലേക്ക് ഒരു മനസികരോഗിയുടെ രൂപത്തിൽ തിരിച്ചെത്തുന്നു. ജീവിതത്തിൽ ഒരിക്കലും തിരികെ വരില്ല എന്ന് കരുതിയിരുന്ന അവരുടെ സ്നേഹം ക്രിസ്റ്റിയുടെ പശ്ചാത്താപത്തിലൂടെയും ഏറ്റുപറച്ചിലിലൂടെയും വീണ്ടും തളിർക്കുന്നു. അവൾ ക്രിസ്റ്റിയെ കാണുവാനായി നഗരത്തിലെ ലോഡ്ജിൽ എത്തുന്നു. അയാളുടെ ഭ്രാന്തമായ സംസാരവും പ്രവർത്തികളും അവൾ സ്നേഹമാണെന്ന് വിശ്വസിക്കുന്നു. അവിടെ അഞ്ചു നിലയുള്ള കെട്ടിടത്തിനു മുകളിൽ ആലിംഗനബദ്ധരായി അവർ കിടന്നുറങ്ങുന്നു . രാധിക ഉണർന്നപ്പോൾ

ടെറസ് വിജനമായിരുന്നു. താൻ വിവസ്ത്രയാണെന്നറിഞ്ഞ് അവൾ വിറങ്ങലിച്ചു നിന്നു. ക്രിസ്റ്റി എങ്ങും ഉണ്ടായിരുന്നില്ല. അവൾക്ക് ഒളിക്കാൻ ഒരിടവും കണ്ടില്ല ഒരു തണലും ഇല്ല ഒരു മറവുമില്ല. വെയിൽ കനത്തു രാധിക രണ്ടു കൈ കൊണ്ട് ശരീരം മറക്കാൻ ശ്രമിച്ചു ടെറസിലെ ഒരു മൂലയിൽ ചുരുണ്ടുകൂടി. അപ്പോൾ അഞ്ചു നിലകൾക്ക് തഴെ മരം വെട്ടുന്നത് പോലെ ഒരു ശബ്ദം ഉയർന്നു. രാധിക ടെറസിലെ കൈവരിയിലൂടെ തലയുയർത്തി താഴേക്ക് നോക്കി. അവിടെ താഴെ ക്രിസ്റ്റി പുറത്തേക്ക് പോകുന്നു. ഉന്മാദത്തോടെ ഷോക്ക് ഏൽക്കാൻ തിടുക്കപ്പെട്ടു.
നിസ്സഹായയായി ടെറസിൽ നിൽക്കുന്ന രാധിക യിലൂടെ നോവൽ അവസാനിക്കുമ്പോഴേക്കും വായനക്കാരുടെ മനസ്സിൽ മായാത്ത ഒരു നൊമ്പരം നിലനിൽക്കും. കാലഘട്ടത്തിൽ സ്ത്രീസമൂഹം നേരിടേണ്ടിവരുന്ന വിഷയങ്ങളിലേക്ക് നമ്മെ ആ നൊമ്പരം ചിന്തിപ്പിക്കും. രക്ഷപ്പെടാൻ വഴികളില്ലാതെ നിസ്സഹായയായി നിൽക്കുന്ന രാധികയുടെ ചിത്രത്തിലൂടെ ഈ സമൂഹത്തിലെ നിസ്സഹായരായ ഒരായിരം സ്ത്രീകളുടെ ചിത്രമാണ് മീര നമുക്കുമുന്നിൽ വരച്ചുകാട്ടുന്നത്. ഇതൊരു സ്ത്രീപക്ഷ നോവൽ അല്ല ഒരു മനുഷ്യപക്ഷ നോവലാണ്. എല്ലാംകൊണ്ടും കെ.ആർ മീര യുടെ ഒരു ഉത്തമ സൃഷ്ടിയാണ് "ആ മരത്തെയും മറന്നു മറന്നു ഞാൻ "എന്ന നോവൽ.
പ്രസാധകർ - ഡിസി ബുക്സ്.
വില: 99/-